# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 31/08/2021


## കാറിൽ കറങ്ങി ചാരയ വിൽപ്പന യുവാക്കൾ പോലീസ് പിടിയിലായി

കൊല്ലം : കാറിൽ സഞ്ചരിച്ച് ചാരയ വിൽപ്പന നടത്തുന്ന സംഘത്തെ പോലീസ് അറസ്റ്റ് ചെയ്തു. പള്ളിമൺ സ്വദേശികളായ ഓണംപള്ളിൽ വീട്ടിൽ സുന്ദരേശൻ മകൻ അഖിൽ (26), രാഹുൽ ഭവനിൽ രഘുനാഥൻ മകൻ രാഹുൽ (30) എന്നിവരാണ് പോലീസ് പിടിയിലായത്. പള്ളിമൺ പ്രദേശത്ത് കാറിൽ കറങ്ങി മദ്യ വിൽപ്പന നടക്കുന്നതായി ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി. ഐ.പി.എസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്. തുടർന്ന് പള്ളിമൺ വള്ളുവൻതറ ക്ഷേത്രത്തിന് സമീപമുള്ള റബ്ബർ തോട്ടത്തിൽ പാർക്ക് ചെയ്തിരുന്ന കാറിൽ നിന്നും യുവാക്കളേയും ചാരായവും പിടികൂടി യുവാക്കളേ അറസ്റ്റ് ചെയ്ത് കാർ പോലീസ് കസ്റ്റഡിയിൽ എടുക്കുകയായിരുന്നു. ഇവർക്കെതിരെ അബ്കാരി നിയമ പ്രകാരം കേസ് എടുത്ത് റിമാന്റ് ചെയ്തു. കണ്ണനല്ലൂർ ഇൻസ്പെക്ടർ വിപിൻകുമാർ. യു.പി, എസ്സ്.ഐമാരായ സജീവ്, രാജേന്ദ്രൻപിള്ള, ബാബുരാജ്. സി.കെ, എ.എസ്സ്.ഐ നിസാമുദ്ദീൻ, സി.പി.ഒ സുരേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.



അഖിൽ കണ്ണനല്ലൂർ രാഹുൽ

## തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധത്തിന് ജനപ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്ത് കൊട്ടിയം പോലീസ്

കൊല്ലം : കോവീഡ് പകർച്ച വ്യാധി പ്രതിരോധിക്കാൻ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് ഹാളിൽ ജനപ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്ത് കൊട്ടിയം പോലീസ്. കോവിഡ് സുരക്ഷാ മനദണ്ഡങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വ്യാപാരി വ്യാവസായികളുടെയും തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെയും സംയുക്ത യോഗം ചേരുന്നതിന്റെ ഭാഗമായിട്ടാണ് യോഗം നടന്നത്. ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി. ഐ.പി.എസ്സിന്റെ നിർദ്ദേശ പ്രകാരമാണ് യോഗം സംഘടിപ്പിച്ചത്. തൃക്കോവിൽവട്ടം പഞ്ചായത്തിലെ കോവിഡ് പകർച്ചവ്യാധിയുടെ നിലവിലെ അവസ്ഥയും പ്രത്യേകമായി സ്വീകരിക്കേണ്ട സുരക്ഷ ക്രമീകരണങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങളും, ഹോം ക്വാറന്റെയിനിൽ കഴിയുന്നവർ സമ്പർക്കവിലക്ക് ലംഘിക്കാതിരിക്കുന്നതിനെ കുറിച്ചും, ജനത്തിരക്ക് ഏറിയ സ്ഥലങ്ങളേയും കല്യാണം, ഗൃഹപ്രവേശനം തുടങ്ങിയ ചടങ്ങുകളിൽ മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനെ കുറിച്ചും മറ്റും കൊട്ടിയം ഇൻസ്പെക്ടർ എസ്സ്.എച്ച്.ഓ ജിംസ്റ്റൽ. എം.സി യോഗത്തിൽ അവതരപ്പിക്കുകയും സുരക്ഷാ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജനപ്രതിനിധികളുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്ന് സംസാരിച്ച ഗ്രാമപ



തൃക്കോവിൽ വട്ടം ഗ്രാമപഞ്ചായത്ത് ഹാൾ

ഞ്ചായത്ത് പ്രസിഡന്റെ പോലീസ് സ്വീകരിക്കുന്ന കോവിഡ് പ്രതിരോധ നടപടികളിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും പൂർണ്ണ പിന്തുണ ഉണ്ടാവുമെന്ന് അറിയിച്ചു. തൃക്കോവിൽവട്ടം പഞ്ചായത്ത് പ്രസിഡന്റ് ജലജകുമാരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് സതീഷ്കുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അലിയാരുകുട്ടി, മറ്റ് പഞ്ചായത്ത് അംഗങ്ങൾ എസ്സ്.ഐ സുജീത്ത് ജി നായർ തുടങ്ങിയവർ പങ്കെടുത്തു.

## കോവിഡ് പ്രതിരോധ നടപടിയുടെ ഭാഗമായി ജനപ്രതിനിധികളുടെയും വ്യാപാരികളുടെയും സംയുക്ത യോഗം ചേർന്ന് കൊല്ലം സിറ്റി പോലീസ്

കൊല്ലം : കോവീഡ് പകർച്ച വ്യാധി പ്രതിരോധിക്കാൻ ജില്ലയിൽ ജനപ്രതിനിധികളും വ്യാപാരികളുമായി ചേർന്ന് സിറ്റി പോലീസ്. ഇതിന്റെ ഭാഗമായി കൊല്ലം സിറ്റി പോലീസ് പരിധിയിലെ മുഴുവൻ ഇൻസ്പെക്ടർ എസ്സ്.എച്ച്.ഓമാരുടെയും നേതൃത്വത്തിൽ കോവിഡ് സുരക്ഷാ മനദണ്ഡങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് കോർപ്പറേഷൻ ഡിവിഷൻ തലത്തിൽ വ്യാപാരി വ്യാവസായികളുടെയും തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെയും സംയുക്ത യോഗം ചേർന്നു. പോലീസ് സ്റ്റേഷനുകളിലും, പഞ്ചായത്ത് ആഡിറ്റോറിയങ്ങളിലും മറ്റ് ഹാളുകളിലും വച്ചാണ് കോവിഡി മാനദണ്ഡം പാലിച്ച് യോഗം ചേർന്നത്. ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി. ഐ. പി.എസ്സിന്റെ നിർദ്ദേശ പ്രകാരമാണ് സംയുക്ത യോഗം സംഘടിപ്പിച്ചത്. സ്ഥലത്തെ പ്രത്യേകതകളും കോവിഡ് പകർച്ചവ്യാധിയുടെ നിലവിലെ അവസ്ഥയും അതാതിടത്ത് പ്രത്യേകമായി സ്വീകരിക്കേണ്ട സുരക്ഷയെ സംബന്ധിച്ചുമുള്ള വിവരങ്ങളും, കോവിഡ് പ്രതിരോധനത്തിനായി സ്വീകരിക്കുന്ന നടപടികളെ കുറിച്ചും, കോവിഡ് ബാധിതരായവർ സഞ്ചലന നിയന്ത്രണം ലംഘിക്കാതിരിക്കുന്നതിനെ കുറിച്ചും, ജനങ്ങൾ കൂട്ടം കൂടുന്ന സ്ഥലങ്ങളിൽ സ്വീകരിക്കേണ്ട കോവിഡ് പ്രതിരോധ നടപടികളെ കുറിച്ചും, കല്യാണം, ഗൃഹപ്രവേശനം എന്നീ ചടങ്ങുകളിൽ സർക്കാർ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനെ കുറിച്ചും ബന്ധപ്പെട്ട ഇൻസ്പെക്ടർ എസ്സ്.എച്ച്.ഓമാർ യോഗത്തിൽ അവതരപ്പിക്കുകയും സുരക്ഷാ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജനപ്രതിനിധികളുടെയും വ്യാപാരികളുടെയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. സ്വീകരിക്കേണ്ട സുരക്ഷാ നിർദ്ദേശങ്ങളെ സംബന്ധിച്ച് യോഗത്തിൽ വ്യക്തത വരുത്തുകയും തിരക്ക് ക്രമീകരിക്കുന്നതിന് പ്രത്യേക സുരക്ഷാ ഉപദേശങ്ങൾ പോലീസ് നൽകുകയും ചെയ്തു. വരും ദിവസങ്ങളിൽ വ്യത്യസ്ഥ മേഖലകളിൽ പോലീസ് പ്രതിരോധ ബോധവൽക്കരണം നടത്തുമെന്ന് സിറ്റി പോലീസ് കമ്മീഷണർ നാരായണൻ.റ്റി.ഐ.പി.എസ് അറിയിച്ചു.